**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3960** **19.03.2018 ൽ മറുപടിയ്ക്ക്**

**ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി**

| **ചോദ്യം**<br>**ശ്രീ.അൻവർ സാദത്ത്** | | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|---|
| (എ) | ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ 2017 മാർച്ച് 31-ന്റെ വാർഷിക റിപ്പോർട്ടിൽ അവരുടെ കൈവശം തോട്ടമല്ലാത്ത 18,322.46 ഏക്കർ ഭൂമി ഉള്ളതായി പ്രസ്താവിച്ചിട്ടുണ്ടോ; | (എ) ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ 2017മാർച്ച് 31-ന്റെ വാർഷിക റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചതായി കാണുന്നില്ല. |
| (ബി) | തോട്ടമല്ലാത്ത ഭൂമി 15 ഏക്കറിൽ കൂടുതൽ കൈവശം ഉള്ളവരിൽ നിന്നും അത് ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന് ഭൂപരിഷ്കരണ നിയമം നിഷ്കർഷിക്കുന്നുണ്ടോ; | (ബി) കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 82-ൽ നിഷ്കർഷിക്കുന്ന ഭൂപരിധിയിൽ കൂടുതൽ ഭൂമി ആർജ്ജിക്കുന്നവർക്കെതിരെ സീലിംഗ് കേസ് നടപടികൾ സ്വീകരിച്ച്, ടി കേസുകളിൽ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമി സെക്ഷൻ 96 പ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | മിച്ചഭൂമി കൈവശം ഉള്ള ഭൂഉടമകൾ ലാന്റ് ബോർഡിൽ സീലിങ് റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ടോ; എങ്കിൽ ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡ് അപ്രകാരം ചെയ്തിട്ടുണ്ടോ; | (സി) 1.1.1970-നു ശേഷം ഭൂപരിധിയിൽ കവിഞ്ഞ് ഭൂമി ആർജ്ജിക്കുന്നവർ താലൂക്ക് ലാൻഡ് ബോർഡ് മുമ്പാകെ മൂന്നു മാസത്തിനകം റിട്ടേൺ ഫയൽ ചെയ്യുവാൻ 87(IA) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.<br>M/s. ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡ് അപ്രകാരം റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. എന്നാൽ M/s. മലയാളം പ്ലാന്റേഷൻ (India) ലിമിറ്റഡ് എന്ന കമ്പനി നിർദ്ദിഷ്ട ഫോറത്തിൽ അല്ലാതെ ഭൂമിയുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് 4.4.1972-ൽ ലാൻഡ് ബോർഡിൽ ഫയൽ ചെയ്തിട്ടുള്ളതായി കാണുന്നു. |
| (ഡി) | ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ വാർഷിക റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ നടപടി സ്വീകരിക്കുവാൻ സംസ്ഥാന ലാന്റ് ബോർഡിന് കഴിയുമോ; എങ്കിൽ ലാന്റ് ബോർഡ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്? | (ഡി) ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 30.12.2015-ലെ G.O(Ms)703/15/RD നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഭൂപ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ നിലവിൽ അന്തിമ വാദം നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ